# ഇബ്റാഹിം നബി(സ)യുടെ പ്രാർത്ഥനയും തിരുനബിയുടെ ആഗമവും

رَبَّنَا وَابْعَثْ فِيهِمْ رَسُولًا مِّنْهُمْ يَتْلُوا
عَلَيْهِمْ آيَاتِكَ وَيُعَلِّمُهُمُ الْكِتَابَ
وَالْحِكْمَةَ وَيُزَكِّيهِمْ ۚ إِنَّكَ أَنتَ
الْعَزِيزُ الْحَكِيمُ ﴿١٣٠﴾

**ഞ**ങ്ങളുടെ നാഥാ! അവർക്ക് നിന്റെ ദൃഷ്ടാന്തങ്ങൾ വിവരിച്ചുകൊടുക്കുകയും ഗ്രന്ഥവും തത്ത്വശാസ്ത്രവും പഠിപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും ചെയ്യുന്ന ഒരു ദൂതനെ നീ അവരിൽനിന്നും എഴുന്നേല്പിക്കേണമേ! തീർച്ചയായും പ്രതാപശാലിയും അഗാധജ്ഞാനിയും നീ തന്നെയാകുന്നു.

ഇന്നലെ ഓതിയ ജുമുഅ ഖുത്ബയിലും ഇബ്റാഹീം(അ) ചെയ്ത ദുആയെക്കുറിച്ച് പറഞ്ഞപ്പോൾ ഈ വചനം ഞാൻ ഓതിയിരുന്നു. പക്ഷേ, അതിൽ പറഞ്ഞത് ഒരു മഹാനായ ദൂതനെ അയക്കുന്നതിനുവേണ്ടി ഹദ്റത്ത് ഇബ്റാഹീം(അ) പ്രാർത്ഥിച്ചുവെന്നു മാത്രമാണ്. അല്ലാഹു ആ മഹാനായ ദൂതനെ നബി(സ) തിരുമേനിയുടെ രൂപത്തിലയച്ചു. അദ്ദേഹത്തിന്റെ ജീവിതവും മരണവും ത്യാഗവും ആരാധനയുമെല്ലാം തികച്ചും അല്ലാഹുവിനുവേണ്ടിയായിരുന്നു. അല്ലാഹുവിന്റെ ആ ദാസൻ സമ്പൂർണ്ണ മനുഷ്യൻ എന്നു പറയപ്പെട്ടു. അദ്ദേഹം റസൂലുമായിരുന്നു. ആ മഹാത്മാവിന്റെ ഉന്നതസ്ഥാനത്തെക്കുറിച്ച് അല്ലാഹു പറഞ്ഞത് ***അഫ്സലുർറുസുലും ഖാത്തമുന്നബിയ്യീനു***മാണെന്നായിരുന്നു.

ഇന്നലെ പെരുന്നാളിനെക്കുറിച്ച് പറഞ്ഞപ്പോൾ വെറും ത്യാഗത്തെക്കുറിച്ച് മാത്രമാണ് ഞാൻ പറഞ്ഞത്. അതായത് നബി(സ)യാണ് ത്യാഗത്തിന്റെ ഉന്നത നില സ്ഥാപിച്ചത്. തന്റെ സ്വഹാബാക്കളിൽ ആ ആത്മാവ് ഊതുകയുണ്ടായി. തൽഫലമായി സ്വന്തം ജീവനെ അല്ലാഹുവിന്റെ അമാനത്താണെന്ന് മനസ്സിലാക്കിക്കൊണ്ട് അവനുതന്നെ തിരിച്ചുകൊടുക്കാൻ അവർ കഴിവിന്റെ പരമാവധി ശ്രമിച്ചു. ഒരുതരത്തിലുള്ള ത്യാഗത്തിൽ നിന്നും അവർ പിന്നാക്കം പോയില്ല. പക്ഷേ, ഈ വചനത്തിൽ ഹദ്റത്ത് ഇബ്റാഹീം(അ) നാലുകാര്യങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചിരുന്നതായി കാണാം. അതായത്, തന്റെ സന്താനപരമ്പരയിൽ വരാൻ പോകുന്ന ആ നബി ഇക്കാര്യങ്ങളിൽ മുൻകഴിഞ്ഞവരും പിന്നീടുവരുന്നവരും പ്രാപിക്കാത്ത നില കരസ്ഥമാക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. മുൻകഴിഞ്ഞവരിൽ ഈ ഉന്നതനില സ്ഥാപിതമാകുമായിരുന്നില്ല. കാരണം മനുഷ്യബുദ്ധിയുടേയും ആത്മീയതയുടേയും നിലവാരം അല്ലാഹു ഉദ്ദേശിച്ച ആ ഉയർന്ന സ്ഥാനം വരെ എത്തിച്ചേരാൻ അപ്പോൾ ആരും പ്രാപ്തരായിരുന്നില്ല. ഹദ്റത്ത് ഇബ്റാഹീം(അ)ന് അല്ലാഹു നല്കിയ ബുദ്ധിവൈഭവം, അദ്ദേഹത്തിനുണ്ടായ വെളിപാടുകളിലും കാണാൻ കഴിയുമായിരുന്നു; അതായത്, മനുഷ്യന്റെ ബുദ്ധിപരവും ജ്ഞാനപരവും ആത്മീയപരവുമായ അഭിവൃദ്ധി വളരെ ദൂരംവരെ പോകണമായിരുന്നു. ഈ ഘട്ടങ്ങൾ പ്രാപിക്കാൻ കഴിയുന്ന ഒരുകാലം വരും. അതുകൊണ്ട് ഹദ്റത്ത് ഇബ്റാഹീം(അ) ഇങ്ങനെ പ്രാർത്ഥിച്ചു: എന്റെ അല്ലാഹുവേ, നിന്റെ വിധിയനുസരിച്ച് ബുദ്ധിപരവും ജ്ഞാനപരവും ആത്മീയപരവുമായ ജ്വലനത്തിന്റേയും അഭിവൃദ്ധിയുടേയും കാലം വരുമ്പോൾ, എന്റെ അല്ലാഹുവേ! അക്കാലത്ത് ആത്മീയപുരോഗതിയുടെ പ്രാപ്തിക്കായി നീ നിയോഗിക്കാൻ പോകുന്നതും മനുഷ്യർക്ക് പുതിയ അറിവുകൾ പകർന്നുകൊടുക്കുന്നതും നിന്റെ അസ്തിത്വത്തിനുള്ള തെളിവുകൾ നല്കുന്നതും പ്രപഞ്ചത്തിന്റെ രഹസ്യങ്ങൾ വെളിപ്പെടുത്താൻ പോകുന്നതും, അവസാനത്തെ ധർമ്മശാസ്ത്രവുമായി സമാഗതനാകുന്നതുമായ ആ നബിയെ, അല്ലാഹുവേ! എന്റെ സന്താനപരമ്പരയിൽനിന്ന് നീ സൃഷ്ടിക്കേണമേ. അതായത്, ബനൂ ഇസ്മായീലിന്റെ സന്താനപരമ്പരയിൽനിന്നായിരിക്കേണമേ. ഹദ്റത്ത് ഇബ്റാഹീം(അ) നാലുകാര്യങ്ങളാണ് അല്ലാഹുവിൽനിന്ന് ഈ മഹാനായ ദൂതനുവേണ്ടി ചോദിച്ചത്.

ഒന്നാമത്തേത് ***യത്‌ലൂഅലയ്ഹിം ആയാത്തിക്ക*** എന്നതായിരുന്നു. അദ്ദേഹം ഇവരിൽ നിന്റെ വചനം ഓതിക്കേൾപ്പിക്കണം. രണ്ടാമത്തേത് ***യുഅ്ല്ലിമുഹുമുൽകിതാബ***. അവരെ ഗ്രന്ഥം പഠിപ്പിക്കണം. മൂന്നാമത്തെ കാര്യം ഗ്രന്ഥം പഠിപ്പിക്കുന്നതിനോടൊപ്പം ധർമ്മശാസ്ത്രം പഠിപ്പിക്കുന്ന ആളുമായിരിക്കണം. നാലാ

മത്തെ കാര്യം ആരിലാണോ അദ്ദേഹം നിയോഗിതനാകുന്നത്, അവർ ഖിയാമത്തുന്നാൾവരെ ജനിച്ചുകൊണ്ടിരിക്കുന്നവരാണ്. അവരുടെയെല്ലാം ശുദ്ധീകരണങ്ങളും എപ്പോഴും നടത്തിക്കൊണ്ടിരിക്കുന്ന ആളുമായിരിക്കണം. അതായത്, എപ്പോഴും ശുദ്ധീകരണം നടന്നുകൊണ്ടേയിരിക്കണം. അവസാനമായി അദ്ദേഹം പ്രാർത്ഥിച്ചു: അല്ലാഹുവേ, നീ പ്രതാപവാനാണ്. അജയ്യനാണ്. യുക്തിജ്ഞനാണ്. നിന്നെപ്പോലുള്ള പ്രതാപവാനുമാത്രമേ ഇത്തരം പരിപൂർണ്ണ മനുഷ്യന് ജന്മം നല്കാൻ സാധിക്കുകയുള്ളൂ. ഇപ്പറഞ്ഞ എല്ലാ കാര്യങ്ങളും നടപ്പിൽ വരുത്താൻ തക്കവണ്ണമുള്ള ഹിക്മത്ത് നല്കാനും നിന്നെപ്പോലുള്ള യുക്തിജ്ഞനുമാത്രമേ കഴിയുകയുള്ളൂ. തന്റെ ഈ ത്യാഗവും തന്റെ ഭാര്യയുടെയും മകന്റെയും ത്യാഗവും അല്ലാഹുവിന്റെ സന്നിധിയിൽ സ്വീകരിക്കപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാകുന്നത്, ഈ എല്ലാ പ്രത്യേകതകളും ഓർമ്മവയ്ക്കുന്നയാളും എല്ലാ നബിമാരെക്കാളും ശ്രേഷ്ഠനും നിന്റെ പ്രിയപ്പെട്ടവനുമായ ആ നബി തന്റെ സന്താനപരമ്പരയിൽ നിന്നാകുമ്പോഴാണെന്ന് ഹദ്റത്ത് ഇബ്റാഹീം(അ) മനസ്സിലാക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. അതായത്, ഹദ്റത്ത് ഇസ്മായീൽ(അ)ന്റെ സന്താനപരമ്പരയിൽ ആ നബി ജനിക്കുമ്പോഴാണ് അദ്ദേഹത്തിന്റെ പ്രാർത്ഥന പുലരുന്നത്. അദ്ദേഹം പറഞ്ഞു, ഈ സ്ഥലത്തെ ജനങ്ങൾ സമ്മേളിക്കുന്ന സ്ഥലമാക്കി മാറ്റാൻ കഅ്ബ ദേവാലയത്തെക്കുറിച്ച് അടയാളപ്പെടുത്തിത്തന്നുകൊണ്ട്, നീ അതിന്റെ നിർമ്മാണം ഞങ്ങളെക്കൊണ്ട് ചെയ്യിച്ചതുപോലെ, നിന്റെ അറിവനുസരിച്ച്, വരുംതലമുറയ്ക്ക് തന്റെ പരിപൂർണ്ണതയുടെ മാതൃക കാണിക്കേണ്ട നിന്റെ ആ മഹാനായ നബി ഞങ്ങളുടെ സന്താനപരമ്പരയിൽ നിന്നായിരിക്കണമെന്ന് ഹദ്റത്ത് ഇബ്റാഹീം(അ) പ്രാർത്ഥിക്കുകയായിരുന്നു. അങ്ങനെ അല്ലാഹു, ഈ വചനം പ്രതിപാദിച്ചിട്ടുള്ള ബഖറ അധ്യായത്തിൽ തുടർന്നു പറഞ്ഞത്, ഇബ്റാഹീം ചെയ്ത പ്രാർത്ഥന താൻ സ്വീകരിച്ചിരിക്കുന്നുവെന്നാണ്. അങ്ങനെ നിങ്ങളിൽ ആ ദൂതനെ അയച്ചു. അല്ലാഹു പറയുന്നു:

***കമാ അർസൽനാ ഫീക്കും റസൂലൻമ്മിൻകും യത്‌ലൂ അലയ്ക്കും ആയാതിനാ വ യുസക്കീക്കും വ യുഅല്ലിമുക്കുമുൽകിതാബ വൽഹിക്മത്ത വ യുഅല്ലിമുക്കും മ്മാലം തക്കൂനൂ തഅ്‌ലമൂൻ*** (2:152).

പിന്നീട് ജുമുഅ അധ്യായത്തിൽ ഇക്കാര്യത്തെക്കുറിച്ച് വീണ്ടും പറഞ്ഞു:

***ഹുവല്ലദീ ബഅഥ ഫിൽഉമ്മിയ്യീന റസൂലമ്മിൻഹും യത്‌ലൂ അലയ്ഹിം ആയാത്തിഹി വ യുസക്കീഹിം വയുഅല്ലിമുഹുമുൽ കിതാബ വൽഹിക്മത്ത വ ഇൻകാനൂ മിൻഖബ്‌ലൂ ലഫീ ളലാലിൻമ്മുബീൻ*** (62:3).

ആദ്യമോതിയ വചനത്തിന്റെ തർജമ ഇങ്ങനെയാണ്. "നിങ്ങൾക്ക് നമ്മുടെ സൂക്തങ്ങൾ ഓതിക്കേൾപ്പിക്കുകയും നിങ്ങളെ സംസ്കരിക്കുകയും നിങ്ങൾക്ക് ഗ്രന്ഥവും ജ്ഞാനവും പഠിപ്പിച്ചുതരികയും നിങ്ങൾ അറിഞ്ഞിട്ടില്ലാത്ത കാര്യങ്ങൾ നിങ്ങളെ അറിയിക്കുകയും ചെയ്യുന്ന നിങ്ങളിൽനിന്നുള്ള ഒരു ദൂതനെ നാം നിങ്ങളിൽ നിയോഗിച്ചതുപോലെ." രണ്ടാമത്തെ വചനത്തിൽ പറഞ്ഞു. "അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വശാസ്ത്രവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു; ഇതിനു പുറമേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നു."

പക്ഷേ, ഈ രണ്ടു വചനങ്ങളിലും ഇബ്റാഹീം(അ)ന്റെ പ്രാർത്ഥന എടുത്തുപറഞ്ഞ ആദ്യത്തെ വചനത്തിലും വളരെ നിസ്സാരമായ വ്യത്യാസമേയുള്ളൂ. പക്ഷേ, ഈ വ്യത്യാസം അവന്റെ പ്രത്യേകമായ യുക്തികൊണ്ട് വെച്ചിട്ടുള്ളതാണ്.

അല്ലാഹുവിന്റെ ഓരോവാക്കും എന്നല്ല അതിന്റെ ക്രമീകരണവും ഹിക്മത്തുൾക്കൊള്ളുന്നവയാണ്. വിശുദ്ധഖുർആനെ ആക്ഷേപിക്കുന്നവർ പറയുന്നത് ഇതിനൊരു ക്രമീകരണവും ഇല്ലെന്നാണ്. ഇക്കൂട്ടർക്ക് വിശുദ്ധഖുർആനിൽ ചിന്തിക്കാനുള്ള കഴിവേയില്ല എന്നതാണ് വാസ്തവം; മനസ്സ് ശുദ്ധമല്ലെങ്കിൽ അതൊട്ടുണ്ടാകുകയുമില്ല. ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ ദുആയിലും ഈ വചനങ്ങളിലുമുള്ള വ്യത്യാസം ഹദ്റത്ത് ഇബ്റാഹീം(അ)ന്റെ പ്രാർത്ഥനയിൽ ആദ്യം കാണുന്നത് നിന്നിൽ നിന്നുവരുന്ന ആ നബി നിന്റെ വചനങ്ങൾ ഓതിക്കേൾപ്പിക്കുന്നവനായിരിക്കണമെന്നാണ്. രണ്ടാമതായി അവരെ ഗ്രന്ഥം പഠിപ്പിക്കണമെന്നും മൂന്നാമതായി ഹിക്മത്ത് നല്കണമെന്നും നാലാമതായി അവരെ ശുദ്ധീകരിക്കണമെന്നുമാണ്. ഇതാണ് പ്രാർത്ഥനയിൽവന്ന ക്രമീകരണം. എന്നാൽ, അല്ലാഹു ദുആ സ്വീകരിച്ചതിനെക്കുറിച്ച് പറഞ്ഞപ്പോൾ പറയുന്നത്, ഞാൻ ഈ റസൂലിനെ അയച്ചിരിക്കുന്നു. അദ്ദേഹം നിങ്ങളെ ഇക്കാര്യങ്ങൾ പഠിപ്പിക്കുന്നു. ഇതിൽ ഒന്നാമതായി പറഞ്ഞത് വചനങ്ങൾ ഓതിക്കേൾപ്പിക്കുന്നു എന്നാണ്. ഈ വാക്കുകൾ ഇബ്റാഹീം(അ)ന്റെ ദുആ അനുസരിച്ച് തന്നെയുള്ളതാണ്. രണ്ടാമത്തേത് നബി വന്നിട്ടുള്ളത് നിങ്ങളെ ശുദ്ധീകരിക്കാനാണെന്നാണ്. എന്നാൽ, ഇബ്റാഹീം(അ) ചെയ്ത ദുആയിൽ ഈ ആവശ്യമടങ്ങുന്ന വാക്കുകൾ അവസാനമാണുള്ളത്. ഗ്രന്ഥം പഠിപ്പിക്കുക, ഹിക്മത്ത് പഠിപ്പിക്കുക തുടങ്ങിയ വാക്കുകളുടെ ക്രമീകരണം, ദുആയിലുള്ളതുപോലെ തന്നെയാണ്.

എന്തായാലും ഈ ക്രമീകരണത്തിൽ കാണുന്ന

വ്യത്യാസത്തിലും ഒരു ഹിക്മത്തുണ്ട്. അത് പിന്നീട് വിവരിക്കുന്നതാണ്. ഇൻശാഅല്ലാഹ്. ഇപ്പോൾ ആദ്യം ഞാനെടുക്കുന്നത് ഇബ്റാഹീം(അ)ന്റെ പ്രാർത്ഥനയെയാണ്. ഈ മഹാനായ റസൂലിനുവേണ്ടി നാലുകാര്യങ്ങൾ അദ്ദേഹം പ്രത്യേകമായി അല്ലാഹുവിനോടു ചോദിച്ചിരുന്നു. ഈ നാലുകാര്യങ്ങളുടെ ഉദ്ദേശ്യമെന്താണ്? ആയാത്ത് എന്താണ്? ഗ്രന്ഥം എന്താണ്? ഹിക്മത്ത് എന്താണ്? ശുദ്ധീകരണമെന്താണ്? ഹദ്റത്ത് ഇബ്റാഹീം(അ) ഏറ്റവുമാദ്യം ദുആ ചെയ്തത്, ***യത്‌ലൂ അലയ്ഹിം ആയാത്തിക്ക*** എന്ന്. അതായത്, ആ നബിനിന്റെ വചനങ്ങൾ അവരെ ഓതിക്കേൾപ്പിക്കണം. ആയാത്തിന് വിവിധ അർത്ഥങ്ങൾ നിഘണ്ടുകർത്താക്കളും, ഖുർആൻ വ്യാഖ്യാതാക്കളും നല്കിയിട്ടുണ്ട്. അടയാളം എന്ന് അതിന് അർത്ഥമുണ്ട്. അമാനുഷിക ദൃഷ്ടാന്തം എന്നും അതിന് അർത്ഥമുണ്ട്. മറ്റുള്ളവർക്ക് ഗുണപാഠമായിത്തീരുന്ന സംഭവങ്ങൾക്കും ആയത്ത് എന്നു പറയും. മറ്റുള്ള വസ്തുക്കളിൽ മറഞ്ഞിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അറിയുന്നതിനും ആയത്ത് എന്നു പറയും. ഖണ്ഡം എന്നർത്ഥത്തിലും ആയത്ത് എന്ന പദം ഉപയോഗിക്കുന്നു; ഉദാഹരണം വിശുദ്ധഖുർആനിലെ വചനങ്ങൾ. ഇങ്ങനെ ധാരാളം അർത്ഥങ്ങൾ ഇതിനുണ്ട്. ആ പരിശുദ്ധനായ നബിയിൽ ഇറങ്ങുന്ന അധ്യാപനം, ജനങ്ങൾക്ക് കേൾപ്പിക്കുകയും അതിൽ വിവരിക്കുന്ന അടയാളങ്ങളും അത്ഭുതങ്ങളും പറഞ്ഞുകൊണ്ട് ജനങ്ങളുടെ ഈമാനിനെ നവീകരിക്കുകയും ചെയ്യുക എന്നതാണ് അതിന്റെ ഉദ്ദേശ്യം. അല്ലാഹുവുമായിട്ടുള്ള ബന്ധം സ്ഥാപിതമാകുംവിധമുള്ള തെളിവുകൾ അവർക്ക് പറഞ്ഞുകൊടുക്കുക. ആ തെളിവുകൾ കേട്ടുകൊണ്ട് അല്ലാഹുവുമായിട്ടുള്ള ജനങ്ങളുടെ ബന്ധം സുദൃഢമാകണം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇത് വിശദീകരിച്ചു പറഞ്ഞിട്ടുണ്ട്. അതിന്റെ ചുരുക്കം ഞാൻ പറയുകയാണ്. ആയത്തിന് 'ഖണ്ഡം' എന്നും അർത്ഥമുണ്ടെന്ന് ഞാൻ പറയുകയുണ്ടായി. ***യത്‌ലൂഅലയ്ഹിം ആയാത്തിക്ക*** എന്നതിൽ, നബി(സ) തിരുമേനിയിൽ ഇറങ്ങാൻ പോകുന്ന അധ്യാപനം ഒരേസമയത്ത് ഇറങ്ങുകയില്ലെന്ന സൂചനയുമുണ്ട്. മറിച്ച്, ഖണ്ഡം ഖണ്ഡമായിട്ടായിരിക്കും അതിറങ്ങുക. ഇതിറങ്ങേണ്ടത് ആദ്യം മുതലേ ഖണ്ഡരൂപത്തിലായിരുന്നു. ഇതായിരുന്നു അതിലുണ്ടായിരുന്ന അല്ലാഹുവിന്റെ ഹിക്മത്ത്. ഇതായിരുന്നു അല്ലാഹുവിന്റെ തീരുമാനം. അതുകൊണ്ട് അല്ലാഹു ഈ പ്രാർത്ഥന ഹദ്റത്ത് ഇബ്റാഹീം(അ)നെ കൊണ്ടുചെയ്യിച്ചു. അത് സ്വീകരിക്കുകയും ചെയ്തു; ഇതിനെയും ദിവ്യാത്ഭുതമാക്കുന്നതിനുവേണ്ടി.

ഇങ്ങനെ ഖണ്ഡം ഖണ്ഡമായുള്ള വിശുദ്ധഖുർആന്റെ അവതരണത്തെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദിവ്യദൃഷ്ടാന്തമെന്ന നിലയിൽ പറഞ്ഞിട്ടുണ്ട്. ഖണ്ഡം ഖണ്ഡമായി എന്തുകൊണ്ടിറങ്ങി എന്നുപറഞ്ഞ് എതിരാളികൾ ആക്ഷേപം ഉന്നയിക്കാറുണ്ട്. എതിരാളിയുടെ ഈ ആക്ഷേപത്തെ വിശുദ്ധഖുർആൻ ഇങ്ങനെ സമർപ്പിക്കുന്നു. ***ലവ് ലാ നുസ്സില അലയ്ഹിൽ ഖുർആനു ജുംലത്തൻ വ്വാഹിദ***. അവനിൽ മുഴുവൻ ഖുർആനും ഒന്നിച്ചിറക്കപ്പെടാത്തതെന്തേ? ശത്രു ഖുർആന്റെ ഖണ്ഡം ഖണ്ഡമായിട്ടുള്ള ഇറക്കം ആക്ഷേപമായി കാണുന്നു. പക്ഷേ, സത്യവിശ്വാസിക്ക് ദുആയുടെ സ്വീകാര്യത്തിനുള്ള തെളിവാണ് അതിൽ കാണാൻ കഴിയുന്നത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പല വർഷക്കാലങ്ങളിലായിട്ടുള്ള വിശുദ്ധഖുർആന്റെ അവതരണം വിശുദ്ധഖുർആന്റെ സത്യതയ്ക്കുള്ള തെളിവാണ്. നബി(സ) തിരുമേനിയുടെ സത്യതയ്ക്കുള്ള തെളിവും കൂടിയാണ്. വലിയ വലിയ കാഠിന്യം നിറഞ്ഞ അവസ്ഥയുണ്ടായി, യുദ്ധങ്ങൾ നടന്നു. നബി(സ) തിരുമേനിയ്ക്കുതന്നെയും നഷ്ടം സംഭവിച്ചു. അല്ലെങ്കിൽ നഷ്ടമുണ്ടാക്കാനുള്ള ശ്രമം നടന്നു. ഒരു യഹൂദസ്ത്രീ വിഷം കൊടുത്ത് വക വരുത്താൻ ശ്രമിച്ചു. അല്ലാഹു അത് പെട്ടെന്നുതന്നെ നബി(സ)യെ അറിയിച്ചു. വായിൽനിന്ന് ആ മാംസക്കഷണം എടുത്തുനീക്കി. അതുകൊണ്ട് വിഷം ഉള്ളിൽ ചെന്നില്ല. പക്ഷേ, അതുകൊണ്ടുണ്ടായ വിഷമം അവസാനംവരെ നിലനിന്നിരുന്നു. ഉഹുദ് യുദ്ധത്തിൽ നബി(സ)യ്ക്ക് ആഴത്തിലുള്ള മുറിവുപറ്റി. അത് വളരെ ബുദ്ധിമുട്ടിച്ചു. എന്നാൽ, അല്ലാഹു, വിശുദ്ധഖുർആനെ പൂർണ്ണമായ നിലയിൽ ഇറക്കുകയും, ദീൻ പൂർത്തിയായെന്നും അനുഗ്രഹങ്ങൾ പൂർത്തിയായെന്നും വിളംബരം ചെയ്യുകയും ചെയ്യുന്നതുവരെ ആ മഹാത്മാവിന് ദീർഘായുസ്സ് നല്കി. നബി(സ)യുടെ മരണം സ്വാഭാവികമായ നിലയിലായിരുന്നു. അതിനാൽ, ഈ വചനങ്ങൾ ഖണ്ഡം ഖണ്ഡമായി ഇറക്കുക എന്നതും, ഇബ്റാഹീം(അ)ന്റെ ദുആയുടെ സ്വീകാര്യതയ്ക്കുള്ള ഒരു തെളിവാണെന്നപോലെ അല്ലാഹുവിൽനിന്നുള്ള ആ മഹാനായ റസൂലിന് ഈ മഹത്തായ അധ്യാപനം ഇറങ്ങിയതും തെളിവാണ്. ഈ അധ്യാപനത്തിന്റെ മനോഹാരിതയും ഇതുതന്നെയാണ്. ഇത് ഖണ്ഡമായി ഇറങ്ങാനുള്ള ഒരു കാരണം, അക്കാലത്തുള്ളവർ ഒറ്റയടിക്ക് ഈ അധ്യാപനം മനസ്സിലാക്കാനുള്ള കഴിവുള്ളവരായിരുന്നില്ല. എന്നല്ല, ധാരാളം കാര്യങ്ങൾ ചില സ്വഹാബാക്കൾക്കുപോലും മനസ്സിലായിരുന്നില്ല. പക്ഷേ, മറ്റു ദൃഷ്ടാന്തങ്ങളും ദിവ്യാത്ഭുതങ്ങളും അവർ കണ്ടുകഴിഞ്ഞിരുന്നു. അതുകൊണ്ട് വിശ്വാസം പൂർണ്ണമായിരുന്നു. അല്ലെങ്കിൽ അക്കാലത്ത് എത്രത്തോളം അറിവ് അവർക്കുണ്ടായിരുന്നുവോ അത്രമാത്രമേ അവർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നുള്ളൂ. കൂടുതൽ വിദ്യാസമ്പന്നരും ഉണ്ടായിരുന്നില്ല. പക്ഷേ, അവരുടെ ഈമാൻ പൂർണ്ണമായിരുന്നു. അവർ അടയാളങ്ങൾ കണ്ടുകഴിഞ്ഞിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈമാൻ പൂർണ്ണത പ്രാപിച്ചതിനെക്കുറിച്ച് വിവരിക്കുന്നു: മുൻശീ സഫർ അഹ്മദ് സാഹിബിന്റെ സംഭവമാണ്. അദ്ദേഹത്തോട് ആരോ പറഞ്ഞു, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെ കുറിച്ചോ സനാഹുല്ലാഹ് അമൃതസരിയെക്കുറിച്ചോ ആണെന്ന് തോന്നുന്നു. അദ്ദേഹത്തോട് ഇവരിലാരെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ ഉന്നയിച്ചിട്ടുള്ള ആക്ഷേപം അവരുടെ മജ്‌ലിസിലിരുന്ന് താങ്കൾ കേട്ടിട്ടുണ്ടോ എന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു, ഞാൻ കേട്ടിട്ടില്ല. അത് ഞാൻ കേട്ടുകൊള്ളാം. അതിനുശേഷം തന്റെ ഈമാൻ കൂടുതൽ ദൃഢീകരിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. ഈ ആക്ഷേപങ്ങൾക്ക് എന്നെ എന്തു ചെയ്യാൻ കഴിയും? എന്റെ ഈമാനെ തികവുറ്റതാക്കിയ ആ മുഖകമലം ഞാൻ കണ്ടിട്ടുണ്ട്. അവർക്കറിവുണ്ടായിരുന്നോ ഇല്ലേ എന്നറിയില്ല. പക്ഷേ, മുഖം കണ്ടുകൊണ്ട് അവരുടെ ഈമാൻ പൂർണ്ണമായിരുന്നു. എന്തായാലും ഒരുപാട് കാര്യങ്ങൾ അറിയാതിരുന്നിട്ടും അവരുടെ വിശ്വാസം പൂർണ്ണമായിരുന്നു. അക്കാലത്ത് പറയത്തക്ക അറിവുകളൊന്നും ഉണ്ടായിരുന്നില്ല. ഭാവിയിൽ വെളിപ്പെടാൻ പോകുന്ന അറിവിനെ സംബന്ധിച്ചും അല്ലാഹു വിശുദ്ധഖുർആനിൽ പ്രവചിച്ചു. ഇന്ന് ശാസ്ത്രത്തിന്റെ പുരോഗതി മനുഷ്യന് പുതിയ ചിന്തകൾ പ്രദാനം ചെയ്യുന്നതിന്റെ ഫലമായി ഈ ആയത്തുകൾ മനസ്സിലാക്കാനുള്ള കഴിവും അവനുണ്ടായിരിക്കുന്നു. തന്റെ എല്ലാ ഗവേഷണങ്ങളുടെയും അടിത്തറ വിശുദ്ധഖുർആനാണെന്ന് മർഹൂം പ്രൊഫ. ഡോക്ടർ അബ്ദുസ്സലാം സാഹിബ് പറയാറുണ്ടായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ നബി(സ) മുഖേന നമ്മളിൽ വെളിപ്പെട്ട ദൃഷ്ടാന്തങ്ങളായിരുന്നു ഇതെല്ലാം.

അക്കാലഘട്ടത്തിൽ നബി(സ)യിൽ വചനങ്ങൾ ഇറങ്ങാറുണ്ടായിരുന്നപ്പോൾ ആ മഹാത്മാവിനെ വിശ്വസിച്ചവർക്ക് ആ ഖണ്ഠങ്ങളെ മനസ്സിലാക്കാനും അതനുസരിച്ച് പ്രവർത്തിക്കാനും എളുപ്പമുണ്ടായിരുന്നു. ഇതും, ഖണ്ഡങ്ങളായി ഇറങ്ങിയതിന്റെ ഒരുദ്ദേശ്യമാണ്.

മറഞ്ഞിരിക്കുന്ന വസ്തുവിന്റെ അടയാളം പറഞ്ഞ് വെളിപ്പെടുത്തുക എന്നും ആയത്തിന് അർത്ഥമുണ്ട്. അതിനാൽ, ഇഹഭോഗ തല്പരന് കാണാൻ കഴിയാത്ത അടയാളങ്ങളും ദിവ്യാത്ഭുതങ്ങളും ലക്ഷണങ്ങളും പറഞ്ഞ് നബി(സ) ജനങ്ങൾക്ക് അല്ലാഹുവിനെ വെളിപ്പെടുത്തിക്കൊടുത്തു. അല്ലാഹുവിന്റെ അസ്തിത്വം ജനങ്ങളിൽ പ്രകടമാക്കി. അതിനെ ജനങ്ങൾ മറന്നുപോയിരുന്നു. ഓരോ മതവും ജനതയും ബാഹ്യമോ ആന്തരികമോ ആയ ശിർക്കിൽ അകപ്പെട്ടിരുന്ന കാലമായിരുന്നു അത്. ളഹ്റൽ ഫസാദു ഫിൽബർറി വൽബഹരി കരയിലും കടലിലും ജനങ്ങളുടെ പ്രവർത്തികൊണ്ട് കലഹങ്ങൾ നിറഞ്ഞിരുന്നു. അതിനു കാരണം ദൈവത്തെ മറന്നുകഴിഞ്ഞിരുന്നതാണ്. ബാഹ്യമായി മതത്തിന്റെ പുതപ്പ് പുതച്ചിട്ടുള്ളവരും ദൈവത്തെ വിസ്മരിച്ചിരുന്നു. ശിർക്ക് അതിന്റെ പാരമ്യതയിലെത്തിക്കഴിഞ്ഞിരുന്നു. ഇന്നും അതേ അവസ്ഥ തന്നെയാണുള്ളത്. ഇപ്പോഴുള്ള അവസ്ഥകളെക്കുറിച്ച് ഞാൻ പിന്നീട് പറയുന്നതാണ്. നബി(സ)ന് ഇറങ്ങിയ വചനങ്ങൾ മുഖേന, ആ മഹാത്മാവിനെ പിന്തുടർന്നവർക്ക് അല്ലാഹുവിനെക്കുറിച്ചുള്ള തിരിച്ചറിവുണ്ടായി. ആകാശവും ഭൂമിയും സൃഷ്ടിച്ച ദൈവമുണ്ടെന്നതിൽ അവർക്ക് ദൃഢവിശ്വാസം വന്നു. ഓരോ സൃഷ്ടിയുടെ പിന്നിലും ആരുടെയെങ്കിലും കൈയുണ്ടാകും. അത് അല്ലാഹുവിന്റെ കൈയാണ്. ഇക്കാര്യം ജനങ്ങൾക്ക് നബി(സ) മനസ്സിലാക്കിക്കൊടുത്തു. അത് തിരിച്ചറിയാൻ പറഞ്ഞു. അവനെ തിരിച്ചറിയാനുള്ള ലക്ഷണങ്ങൾ ഇപ്പറഞ്ഞതൊക്കെയാണ്. ഹദ്റത്ത് ഇബ്റാഹിം(അ)നെ തീർച്ചയായും അല്ലാഹു ഈ ദൃശ്യം കാണിച്ചിട്ടുണ്ടാകും. അതുകൊണ്ടാണ് ആ നബി വന്നാൽ, ഞാൻ ശിർക്കിന്നെതിരിൽ യുദ്ധവിളംബരം ചെയ്യുകയും നിന്റെ ഏകത്വം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തതുപോലെ, അല്ലാഹുവേ, എന്റെ ഈ കാലത്തെക്കാൾ ഭയാനകമായ ആ കാലം വരികയും ലോകജനതയെ ബഹുദൈവവിശ്വാസങ്ങളിൽനിന്ന് മോചിപ്പിക്കാൻ റസൂലിനെ അയക്കുകയും ചെയ്യുമ്പോൾ അല്ലാഹുവേ, ആ റസൂലിന് എന്റെ സന്താനപരമ്പരയിൽനിന്ന് എഴുന്നേല്പിക്കേണമേ എന്ന് അദ്ദേഹം പ്രാർത്ഥിച്ചത്. നിന്നെ തിരിച്ചറിയാനുള്ള ലക്ഷണങ്ങൾ പറഞ്ഞുകൊടുക്കുന്ന റസൂലിനെ നീ അയക്കേണമേ. നിന്നെ അന്വേഷിക്കാൻ ഉതകുംവിധമുള്ള തെളിവുകളുമായി ആ റസൂലിനെ നീ നിയോഗിക്കേണമേ. കാരണം നിന്നെ അവർക്ക് കാണാൻ കഴിയണം. തന്നെ അന്വേഷിക്കുന്നവർ മാത്രമേ തന്നെ കാണുകയുള്ളൂവെന്ന് അല്ലാഹു പറഞ്ഞു: ***വല്ലദീന ജാഹദു ഫീനാ ലനഹ്ദി അന്നഹും സുബുലനാ*** എന്നെ കാണാൻ വേണ്ടിമാത്രം കഠിനപ്രയത്നം ചെയ്യുന്നവർക്ക്, എന്റെ വഴിയിലേക്ക് വരാൻ നാം തീർച്ചയായും ഭാഗ്യം നല്കുന്നതാണ്. അതിനാൽ കൂടിക്കാണാനുള്ള വഴി കാണിക്കുന്നയാളും അല്ലാഹുവിന്റെ അസ്തിത്വത്തിനുള്ള ലക്ഷണങ്ങൾ പറഞ്ഞുകൊടുക്കുന്നയാളും ഈ മഹാനായ റസൂലാണ്. അദ്ദേഹത്തിന്റെ പേര് മുഹമ്മദ് മുസ്തഫാ, അഹ്മദ് മുജ്തബാ(സ) ആണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹു വിശുദ്ധഖുർആനിൽ വ്യക്തമായും പറഞ്ഞു, ***വല്ലദീന ജാഹദൂ ഫീനാ ലനഹ്ദി അന്നഹും സുബുലനാ*** ഇതിൽനിന്ന് മനസ്സിലാകുന്നത് അല്ലാഹുവിന്റെ മഅ്രിഫത്തിന്റെ (ദൈവത്തെക്കുറിച്ചുള്ള ജ്ഞാനം) കവാടങ്ങൾ തുറക്കുന്നതിനുവേണ്ടി മുജാഹദാ അഥവാ കഠിനപ്രയത്നം ആവശ്യമുണ്ടെന്നാണ്. ആ മുജാഹദാ അല്ലാഹു പറഞ്ഞതുപോലെ ആയിരിക്കേണ്ടതാണ്. അതിനുവേണ്ടിയാണ് നബി(സ) യുടെ

ജീവിതമാതൃകയുള്ളത്. ഒരുപാടാളുകൾ നബി (സ)യുടെ ജീവിതമാതൃകയെ ഉപേക്ഷിച്ചുകളയുന്നു. ജപിച്ചൂതി എന്തെങ്കിലും ആക്കിത്തീർക്കുന്നതിനുവേണ്ടി ചുമതല കളിൽനിന്ന് ഒളിച്ചോടിക്കഴിയുന്ന ഫക്കീർമാരുടേയും പീർമാരുടേയും അടുത്തുപോകുന്നു. ഇത് വ്യർത്ഥമായ കാര്യമാണ്. അത്തരം ആളുകൾ ശറഇയായ കല്പന കൾ പാലിക്കാത്തവരാണ്. ഭയങ്കരമായ പാപമാകുംവി ധമുള്ള വാദങ്ങൾ അവർ ഉന്നയിക്കുന്നു. അല്ലാഹുവി ന്റെയും അവന്റെ റസൂലിന്റെയും സ്ഥാനത്തേക്കാൾ സ്വന്തം സ്ഥാനം ഉയർത്തിക്കാട്ടാൻ ആഗ്രഹിക്കുന്നവ രാണവർ.”

ദൃഷ്ടാന്തം കാണിക്കുക എന്നത് അല്ലാഹു, നബി(സ) തിരുമേനിയെ ഏല്പിച്ചിരിക്കുകയാണ്. ആ മഹാത്മാവ് ഈ ആയത്തനുസരിച്ച് അല്ലാഹുവിനെ കണ്ടുമുട്ടുന്ന തിന് അവന്റെ വഴിയിൽ പരിശ്രമവും ജിഹാദും അത്യാ വശ്യമാണെന്ന് പറഞ്ഞു. അടയാളങ്ങൾ പറഞ്ഞുതന്നു. ഇനി പരിശ്രമിക്കേണ്ടത് നിങ്ങളുടെ ജോലിയാണ്. ദൈവം ഉണ്ടെന്നുള്ളതിന് ലക്ഷണങ്ങളും തെളിവുകളും നല്കി. ദൈവം ഉണ്ടായിരിക്കേണ്ടതാണെന്ന് അറിയിച്ചുതന്നു. അവൻ ലോകത്തെ സൃഷ്ടിച്ചവനാണെന്നും പറഞ്ഞു. ആകാശവും ഭൂമിയും സൃഷ്ടിച്ചവനാണെന്നും വിളം ബരം ചെയ്തു. പക്ഷേ, അവനോളം എത്തുന്നതിന് നിങ്ങളുടെ ശ്രമം അത്യാന്താപേക്ഷിതമാണ്.

പീർമാരും ഫക്കീർമാരും മുഖേന കിട്ടുന്നവനല്ല അല്ലാ ഹു. നബി(സ) തിരുമേനി പറഞ്ഞിട്ടുള്ള രീതിയനുസ രിച്ച് പ്രവർത്തിക്കുകയും ചലിക്കുകയും ചെയ്യുന്നതി ലൂടെയാണ് അല്ലാഹുവിനെ കിട്ടുന്നത്. അല്ലാഹുവിന്റെ അടയാളം വീണ്ടും മനസ്സിലാക്കാൻ നബി(സ) കാണിച്ചത് മുഅ്ജിസത്തുകളാണ്. ആ മുഅ്ജിസത്തുകളും അട യാളങ്ങളും ഏറ്റവുമധികം കാണിച്ചിട്ടുള്ളതും നബി(സ) തന്നെയാണ്. പീർമാരുടെയും ഫക്കീർമാരുടെയും തിരി ച്ചറിയുന്നതിനുള്ള അടയാളം ഉണ്ടാവുകയില്ല. നബി(സ) കാണിച്ച ദിവ്യാത്ഭുതങ്ങൾ ഉപേക്ഷിച്ചുകൊണ്ട് പോകു ന്നവർക്ക് ഈ അനുഗ്രഹം കിട്ടുകയില്ല. ആ മഹാത്മാവ് പറഞ്ഞ അടയാളങ്ങളനുസരിച്ച് അന്വേഷിക്കുന്ന വർക്കാണ് അല്ലാഹുവിനെ കിട്ടുന്നത്. നബി(സ) തന്റെ ആയത്തുകളിൽ വിവരിച്ചതനുസരിച്ച് അന്വേഷിക്കുന്ന വർക്കാണ് അല്ലാഹുവിനെ ലഭിക്കുന്നത്. അതനുസരിച്ച് നാം അല്ലാഹുവിനെ അന്വേഷിക്കേണ്ടതാണ്.

മുഫ്റദാത്ത് എന്ന നിഘണ്ടുവിൽ ***വമാ നുർസിലു ബിൽആയാത്തി ഇല്ലാ തഖ്വീഫാ*** അതായത് നാം ഭയ പ്പെടുത്തുന്നതിനുവേണ്ടിയാണ് ദൃഷ്ടാന്തങ്ങൾ അയക്കു ന്നത് എന്നതിലുള്ള ‘ആയാത്തിന്’ ശിക്ഷ എന്ന അർത്ഥവും കൊടുത്തിരിക്കുന്നു. അത് വിവിധ രീതി യിൽ വരുന്നതാണ്. ഇതിനുമുമ്പേയും നബിമാരുടെ നിഷേധികൾക്ക് ശിക്ഷ വന്നിട്ടുണ്ട്. അതെല്ലാം അല്ലാഹു ആയാത്ത് എന്ന നിലയിലാണ് പറഞ്ഞിട്ടുള്ളത്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ)യും ഈ ഉദ്ധരണിയെ ടുത്തുകൊണ്ട് ആയാത്തിന് ഈ അർത്ഥം നല്കിയിട്ടു ണ്ട്. ***യത്ലൂ അലയ്ഹിം ആയാത്തിക്ക*** എന്നതിൽ അദ്ദേഹം തന്റെ ജനതയ്ക്കെതിരിൽ ശിക്ഷയെക്കുറിച്ച് അറിയിക്കും എന്നുമാകാം. നബി(സ)യുടെ കാലഘട്ടം ഖിയാമത്തുന്നാൾ വരെയാണ്. അതുകൊണ്ട് വിശുദ്ധ ഖുർആനിൽ വിവരിച്ചിരിക്കുന്ന മുൻകഴിഞ്ഞ നബിമാ രുടെ സംഭവങ്ങൾ ലോകത്തിന് മുഴുവനും മുന്നറിയി പ്പാണ്; ആ മഹാത്മാവിനെ വിശ്വസിച്ചവർക്കും. അതു കൊണ്ട് ആ സംഭവങ്ങളിൽനിന്ന് പാഠം പഠിക്കുക.

ഇന്നും നബി(സ)യെ അല്ലാഹു അറിയിച്ചതുപോലെ കാര്യങ്ങൾ പുലർന്നുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ ദൈവത്വത്തിൽ കൈയിടുന്നവരുടെമേലാണ് ശിക്ഷയി റങ്ങുന്നത്. അല്ലെങ്കിൽ കൈയിടാൻ ശ്രമിക്കുന്നവരി ലാണ് അതിറങ്ങുന്നത്. അക്രമത്തിലും ദ്രോഹത്തിലും അതിരുകടക്കുന്നവരിലും ശിക്ഷയിറങ്ങുന്നു. നബിയെ വിശ്വസിക്കാതിരിക്കുക എന്നതുമാത്രം ശിക്ഷയ്ക്ക് കാര ണമാകുകയില്ല. അതും വലിയ നിർഭാഗ്യതയാണെന്നത് ശരിതന്നെ. പക്ഷേ, അല്ലാഹു അതിന്റെ പേരിൽമാത്രം ശിക്ഷയിറക്കുകയില്ല. എന്നാൽ, സീമാതീതമായി ഫിത്നയും ഫസാദും ളുൽമും വർദ്ധിക്കുമ്പോൾ അല്ലാ ഹുവിന്റെ പിടിത്തം വരികയായി. ദൗർഭാഗ്യകരമെന്നു പറയട്ടെ, വിശുദ്ധഖുർആന്റെ പ്രഥമ സംബോന്ധിതരാ യിട്ടും മുസ്ലിംകളും ഈ യാഥാർത്ഥ്യം മറന്നുകൊണ്ട് അതിർ ലംഘിക്കുകയാണ്. വിശുദ്ധഖുർആനിൽ വിവ രിച്ച ആ ദിവ്യദൃഷ്ടാന്തങ്ങളിൽനിന്ന് അവർ പാഠം പഠി ക്കുന്നില്ല. അല്ലാഹു അവർക്കും മുഴുലോകത്തിനും ബുദ്ധി നല്കുമാറാകട്ടെ. അല്ലാഹു പറഞ്ഞിട്ടുള്ള ദൃഷ്ടാ ന്തങ്ങൾ ശരിയായ നിലയിൽ മനസ്സിലാക്കാൻ നമുക്കും ഭാഗ്യം നല്കുമാറാകട്ടെ; നമ്മൾ ശരിയായ നിലയിൽ അവനെക്കുറിച്ച് മനസ്സിലാക്കുന്നവരായിത്തീരാനും അവന്റെ മുമ്പിൽ കുനിയുന്നവരാകാനും വേണ്ടി. ദൃഷ്ടാ ന്തങ്ങളുടെ മറ്റു പ്രത്യേകതകൾ തുടർന്ന് വിവരിക്കുന്ന താണ്. ഇൻശാഅല്ലാഹ്.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on 21.12.2007 at Baithul Futuh, London.

*Translated by: Muhammad Ismail, Alleppey*
Mob: 94466 56123 Resi.: 0497 3294865
Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala